# കുട്ടിയാനകൾ കച്ചവടത്തിന്; പീഡനത്തിന്റെ മറ്റൊരു മുഖം

തൃശ്ശൂർ: കുട്ടിയാനകളെ കച്ചവടച്ചരക്കാക്കി ലാഭം കൊയ്യുന്ന പ്രവണത കേരളത്തിൽ ശക്തി പ്രാപിക്കുന്നു. ആനകളുടെ നിലനില്പിന് തന്നെ ഭീഷണിയുയർത്തുന്ന രീതിയിലാണ് കുട്ടിയാനകൾ വ്യാപകമായി കച്ചവടം ചെയ്യപ്പെടുന്നത്. ആനയൂട്ട് പോലുള്ള ക്ഷേത്രാചാരങ്ങൾ വർദ്ധിച്ചു വരുന്നത് ഇതിന്റെ ഭാഗമായാണെന്നാണ് സൂചന.

കള്ളക്കടത്തായി കൊണ്ടുവന്ന അമ്പതോളം കുട്ടിയാനകൾ കേരളത്തിൽ കൊടുംക്രൂരത അനുഭവിക്കുന്നതായി അടുത്തിടെ റിപ്പോർട്ടുകളുണ്ടായിരുന്നു. ആദ്യമായാണത്രെ മതിയായ രേഖകളില്ലാതെ ഇത്രയേറെ കുട്ടിയാനകളെ കേരളത്തിലേക്ക് ഒരുമിച്ച് കൊണ്ടുവന്നിരിക്കുന്നത്.

ആനക്കമ്പത്തിന്റെ അറിയപ്പെടാത്ത ഞെട്ടിപ്പിക്കുന്ന കഥകളാണ് 'കുട്ടിയാന വ്യവസായം' വെളിപ്പെടുത്തുന്നത്. കൈമാറ്റം ചെയ്യപ്പെടുന്ന ആനകളുടെ ജീവനുതന്നെ ഭീഷണിയാകുന്ന തരത്തിലാണ് ഈ കച്ചവടം പൊടിപൊടിക്കുന്നത്. വ്യാപകമായി വിൽക്കപ്പെടുന്ന ഇവയിൽ ഭൂരിഭാഗവും പെട്ടെന്നുതന്നെ മരണപ്പെട്ടുമെന്ന് ചൂണ്ടിക്കാണിക്കുന്നു. ഇത് മറച്ചുവെച്ചാണ് കച്ചവടം.

ഏഴു വയസ്സു വരെയെങ്കിലും കുട്ടിയാനകൾ ശ്രദ്ധാപൂർവ്വം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. തള്ളയാനയുടെ ശരീരത്തിലെ ചൂടും മുലപ്പാലും ഇവയ്ക്ക് അനിവാര്യവുമാണ്. പ്രസവിച്ച് മൂന്ന് കൊല്ലത്തോളം പിടിയാന പാൽ ചുരത്തുമെന്നതും ഇതിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. തള്ളയാന ചില്ലകളൊടിച്ചു നൽകുന്ന തളിരിലയാണ് വനാന്തരങ്ങളിൽ കുട്ടിയാനയുടെ ഭക്ഷണം.

തടിപിടുത്തം പോലുള്ള ജോലികൾക്ക് പിടിയാനയെ ഉപയോഗപ്പെടുത്തുന്നതിനാണ് കുട്ടിയാനകളെ തള്ളയാനകളിൽ നിന്നും വേർപിരിക്കുന്നത്. പിന്നീട് മരുന്നുകൾ കുത്തിവെച്ച് പിടിയാനയിലെ മുലപ്പാൽ ഉല്പാദനം നിർത്തിവക്കുകയാണ് പതിവ്.

ഇപ്പോൾ കേരളത്തിൽ വിപണനം നടത്തപ്പെടുന്ന കുട്ടിയാനകളിൽ 6-8 മാസം പ്രായമുള്ളവയും ഉൾപ്പെടുന്നുണ്ട്. ദിവസങ്ങൾ നീളുന്ന യാത്രയും കാലാവസ്ഥയിലെ മാറ്റവും ഇവയുടെ സ്ഥിതി വഷളാക്കുന്നു.

ആനയൂട്ട്, പറയെടുപ്പ്, നടയിരുത്തൽ തുടങ്ങിയ ക്ഷേത്രാചാരങ്ങളുടെ മറ പിടിച്ചാണ് കുട്ടിയാന വിപണനം തഴച്ചുവളരുന്നത്. ക്ഷേത്രങ്ങളിൽ നിന്നും ക്ഷേത്രങ്ങളിലേക്ക് എത്തിക്കപ്പെടുന്ന ഇവ യഥാർത്ഥത്തിൽ പ്രദർശന വസ്തുക്കളായി മാറുകയാണ്. വിപണനത്തിനായി കുട്ടിയാനകൾ തയ്യാർ എന്ന സന്ദേശമാണത്രെ അവ നൽകുന്നത്!

പുതിയ ജീവിതരീതിയുമായി കുട്ടിയാനകൾക്ക് പെട്ടന്ന് പൊരുത്തപ്പെടാനാവില്ല എന്നതാണ് വസ്തുത. ആൾക്കൂട്ടവും ബഹളവും ഇവയ്ക്ക് മാനസികപ്രശ്നങ്ങൾ ഉണ്ടാക്കും. ആനയൂട്ട് പോലുള്ള അവസരങ്ങളിലെ ഭക്ഷണവും ഇവയെ ശാരീരികമായി ബാധിക്കുന്നുണ്ട്.

വൻമുതലാളിമാരാണ് കുട്ടിയാനകളെ വാങ്ങുന്നതിന് പ്രധാനമായും തയ്യാറാകുന്നത്. തങ്ങളുടെ കച്ചവടസ്ഥാപനങ്ങൾക്ക് ആകർഷകത്വമുണ്ടാക്കാൻ കുട്ടിയാനകളെ ഉപയോഗിക്കാമെന്ന ചിന്തയാണ് ഇതിനു പ്രേരണ. ആനക്കമ്പക്കാരായ ഒരു വിഭാഗവും കുട്ടിയാനകളെ സ്വന്തമാക്കാൻ ശ്രമിക്കാറുണ്ട്. ആകർഷകത്വത്തിന്റെ പേരിൽ ആനകളെ സ്വന്തമാക്കുന്ന ഇവരിൽ ഭൂരിഭാഗത്തിനും അവയുടെ മരണം പുലിവാലാകുകയാണ് പതിവ്. ഇരുചെവിയറിയാതെ അവയെ സംസ്കരിക്കുവാനുള്ള ശ്രമങ്ങളാണ് പിന്നെ.

മരണമടയുന്ന ആനകളും വൻ വിപണനസാധ്യതകളാണ് നൽകുന്നത്. ചെരിഞ്ഞ ആനകളെ കത്തിച്ചുകളയണമെന്നാണ് നിയമം അനുശാസിക്കുന്നതെങ്കിലും പലരും കുഴിച്ചിടുകയാണ് പതിവ്. ആഴ്ചകൾക്കു ശേഷം അസ്ഥി പുറത്തെടുത്ത് കയറ്റുമതി ചെയ്യുന്നു. ആനയുടെ അസ്ഥിപഞ്ജരത്തിന് വിദേശത്ത് ആവശ്യക്കാർ ഏറെയുണ്ടത്രെ.

കുട്ടിയാനകൾ അനുഭവിക്കുന്ന ഈ ദുരിതം നാട്ടിലെ ആനകൾക്ക് വംശഭീഷണി ഉയർത്തുന്നുണ്ടെന്നാണ് ചിലരെങ്കിലും സംശയിക്കുന്നത്. ഈ പ്രവണത വർദ്ധിച്ചു വരികയാണെങ്കിൽ ഏതാനും വർഷത്തിനകം കേരളത്തിൽ ആനകൾ അപൂർവ്വ ജീവികളായി മാറുമെന്ന്അവർ ചൂണ്ടിക്കാണിക്കുന്നു.